# പരിശുദ്ധാത്മാവിന്റെ വരങ്ങള്‍-സാക് പുന്നന്‍

WFTW Malayalam 19 February 2012

www.jeevamozhikal.org

**ക്രി**സ്തുവിന്റെ ശരീരമാകുന്ന സഭയുടെ പണിക്കു വളരെ ആവശ്യമാണ് പരിശുദ്ധാത്മാവിന്റെ വരങ്ങള്‍. പുതിയനിയമത്തില്‍ പരിശുദ്ധാത്മാവിന്റെ വരങ്ങളുടെ പട്ടിക മൂന്നു സ്ഥലത്ത് നല്‍കിയിട്ടുണ്ട്. (1കൊരി.12:8-10; റോമ.12:1-6; എഫേ.4: 11).

1കൊരി.12: 12-26 ല്‍ പരിശുദ്ധാത്മാവിന്റെ വരങ്ങളുടെ ഉപയോഗത്തെ നമ്മുടെ ഭൗതികശരീരത്തിലെ അവയവങ്ങളുടെ പ്രവര്‍ത്തനവുമായി തരതമ്യം ചെയ്തിരിക്കുന്നു. ഒരു മനുഷ്യന്‍ ജീവനുള്ളവനായിരിക്കത്തന്നെ അന്ധനും ചെകിടനും ശരീരം തളര്‍ന്നവനും ആയിട്ടിരിക്കാം. പല സഭകളും അങ്ങനെയാണ്. അതിലെ അംഗങ്ങള്‍ വീണ്ടും ജനിച്ചവരാണ്. എന്നാല്‍ ദൈവത്തെ സേവിക്കുവാന്‍ തക്കവണ്ണം പരിശുദ്ധാത്മാവിന്റെ വരങ്ങള്‍ അവര്‍ക്കില്ല. അതിനാല്‍ അവര്‍ ശക്തിഹീനരാണ്.

ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്കു കാണുവാനും കേള്‍ക്കുവാനും സംസാരിക്കുവാനും നടക്കുവാനും സംസാരിക്കുവാനും സാദ്ധ്യമാകുന്നത് പരിശുദ്ധാത്മാവിന്റെ വരങ്ങളിലൂടെയാണ്. ദൈവികസ്വഭാവം ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ ജീവനാണ്. എന്നാല്‍ ആത്മാവിന്റെ വരങ്ങള്‍ കൂടാതെ ക്രിസ്തുവിന്റെ ശരീരത്തിനു മറ്റുള്ളവര്‍ക്കുവേണ്ടി എന്തു ചെയ്യാന്‍ കഴിയും? ആത്മാവിന്റെ വരങ്ങള്‍ ഇല്ലാതെ യേശുവിന് എങ്ങനെ പ്രവര്‍ത്തിക്കുവാന്‍ കഴിയുമായിരുന്നു? അപ്പോഴും അവിടുന്നു പാപത്തെ ജയിച്ച് ഒരു വിശുദ്ധജീവിതം നയിക്കുമായിരുന്നു. എന്നാല്‍ ആത്മാവിന്റെ അഭിഷേകം കൂടാതെ അവിടുന്നു പ്രസംഗിച്ചതുപോലെ പ്രസംഗിക്കുവാനോ രോഗികളെ സൗഖ്യമാക്കുവാനോ ഭൂതങ്ങളെ പുറത്താക്കുവാനോ അത്ഭുതങ്ങള്‍ പ്രവര്‍ത്തിക്കുവാനോ കഴിയുമായിരുന്നില്ല.

മുപ്പതാമത്തെ വയസ്സില്‍ യേശു ആത്മാവിനാല്‍ അഭിഷേകം ചെയ്യപ്പെട്ടു. അതിനാല്‍ മാത്രം അവിടുന്നു കൂടുതല്‍ വിശുദ്ധനായില്ല. ഇരുപത്തൊന്‍പതാമത്തെ വയസ്സില്‍ വിശുദ്ധന്‍ ആയിരുന്നതിനെക്കാള്‍ കൂടുതല്‍ മുപ്പത്തൊന്നാമത്തെ വയസ്സില്‍ അവിടുന്നു വിശുദ്ധനായില്ല. എന്നാല്‍ ആത്മാവിന്റെ അഭിഷേകത്തോടെ മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിനുള്ള ശക്തി അവിടുത്തേക്കു ലഭിച്ചു. യേശു ജനങ്ങളുടെ നടുവില്‍ തന്റെ വിശുദ്ധജീവിതം പ്രദര്‍ശിപ്പിച്ചുകൊണ്ടു നടക്കുക മാത്രമാണ് ചെയ്തിരുന്നതെങ്കില്‍ പിതാവിന്റെ ഉദ്ദേശ്യം പൂര്‍ണമായി നിവര്‍ത്തിക്കുവാന്‍ അവിടുത്തേക്കു കഴിയുമായിരുന്നില്ല. അതുപോലെതന്നെ ഇന്നു സഭയ്ക്കും കേവലം വിശുദ്ധജീവിതംകൊണ്ട് ദൈവത്തിന്റെ ഉദ്ദേശ്യം നിവര്‍ത്തിക്കുവാന്‍ കഴിയുകയില്ല. വിശുദ്ധിയും വരങ്ങളും ഒരുപോലെ യേശുവില്‍ ഉണ്ടായിരുന്നു. ഇന്ന് അവിടുത്തെ ശരീരമാകുന്ന സഭയ്ക്കും അവ രണ്ടും വേണം.

ചില കൂട്ടര്‍ വിശുദ്ധജീവിതത്തിനു ഊന്നല്‍ നല്‍കുമ്പോള്‍ മറ്റൊരു കൂട്ടര്‍ ആത്മാവിന്റെ വരങ്ങള്‍ക്കു ഊന്നല്‍ നല്‍കുന്നു. ഇതാണ് ക്രൈസ്തവലോകത്തിന്റെ ഇന്നത്തെ ദുരന്തം. ഏതെങ്കിലും ഒന്നെടുത്താല്‍ മതി എന്നുള്ള ഒരു കാര്യമല്ലിത്. വേദപുസ്തകം പറയുന്നു “നിന്റെ വസ്ത്രം എലല്ലായ്പ്പോഴും വെള്ളയായിരിക്കട്ടെ”(എപ്പോഴും വിശുദ്ധ ജീവിതം നയിക്കുക).നിന്റെ തലയില്‍ എണ്ണ കുറയാതിരിക്കട്ടെ (നിരന്തരം അഭിഷേകത്തിനു കീഴില്‍ ജീവിക്കുക) (സഭാപ്രസംഗി.9: 8). ഇതു രണ്ടും നമുക്കു വേണം.

ആത്മാവിന്റെ വരങ്ങള്‍ ഒരുവനെ ആത്മീയനാക്കുന്നില്ല. കൊരിന്തിലെ ക്രിസ്ത്യാനികള്‍ക്ക് എല്ലാ ആത്മീയവരങ്ങളും ഉണ്ടായിരുന്നു (1കൊരി.1:7). അവരുടെ കൂടിവരവുകളില്‍ ജ്ഞാനത്തിന്റെ വാക്കുകള്‍ (ആത്മാവിന്റെ വരങ്ങളില്‍ ഒന്നാണിത്) അവര്‍ ഉപയോഗിച്ചു. എങ്കിലും അവരുടെ ഇടയില്‍ ജ്ഞാനിയായ (ആത്മീയനായ) ഒരു മനുഷ്യന്‍ പോലുമില്ലായിരുന്നു (1കൊരി.6 :5). ജഡികനായ ഒരു മനുഷ്യനില്‍ നിന്നും ഒരു പക്ഷെ ജ്ഞാനത്തിന്റെ വാക്കുകള്‍ വരാം. എന്നാല്‍ ജ്ഞാനം എന്നത് ഒരു ആത്മീയനില്‍ മാത്രമേ കാണാന്‍ കഴിയൂ. ഒരുവന് ജ്ഞാനത്തിന്റെ വാക്ക് ദൈവത്തില്‍ നിന്ന് ഒരു നിമിഷത്തില്‍ കിട്ടാം. എന്നാല്‍ വര്‍ഷങ്ങളോളം ക്രൂശിന്റെ മാര്‍ഗത്തില്‍ പോകുന്ന ഒരാള്‍ക്കു മാത്രമേ യഥാര്‍ത്ഥജ്ഞാനം ഉണ്ടാകുകയുള്ളു.

ആത്മീയവരങ്ങള്‍ നമുക്കു തന്നെ തെരഞ്ഞെടുക്കുവാന്‍ സാധിക്കുകയില്ല. കാരണം, ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയ്ക്ക് ഏതു വരമാണ് കൃത്യമായി വേണ്ടതെന്ന് ദൈവമാണ് തീരുമാനിക്കുന്നത്. എന്നാല്‍ ശരീരത്തിന്റെ പണിക്ക് ആവശ്യമായ വരം തീക്ഷ്ണതയോടെ ആഗ്രഹിക്കുവാന്‍ നമ്മോടു പറയുന്നു-പ്രത്യേകിച്ച് പ്രവചനവരം (1കൊരി.14 :1,12).

മൊഴിമാറ്റം : സാജു ജോസഫ്